ICPS 3/21354/15

സാമൂഹ്യ നീതി ഡയറക്ടറേറ്റ് അനക്സ്,SCPS
പൂജപ്പുര,തിരുവനന്തപുരം.
തീയതി :03.12.2015

## സർക്കുലർ

വിഷയം : സാ.നീ.വ – ഐ.സി.പി.എസ്.- പരിശീലന പരിപാടികൾ- അവലോകനയോഗങ്ങൾ - പങ്കെടുക്കാതിരിക്കുന്നത് - സംബന്ധിച്ച്.

സൂചന :

ഐ.സി.പി.എസ്. പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സംബന്ധിച്ച് National Institute of Public Co- Operation and Child Development ഇടയ്ക്കിടെ ഡി.സി.പി.യു.വിലെയും JJ സ്ഥാപനങ്ങളിലെയും ജീവനക്കാർക്കായി പരിശീലന പരിപാടികൾ നടത്താറുണ്ട്. കൂടാതെ കേന്ദ്രസർക്കാരും വകുപ്പും നേരിട്ടും ഇത്തരം ട്രെയിനിംഗ് പരിപാടികൾ, അവലോകനയോഗങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കാറുണ്ട്. എന്നാൽ ഇത്തരം പരിപാടികളിൽ നിന്നും ബന്ധപ്പെട്ട ജീവനക്കാർ മാറി നിൽക്കുന്ന പ്രവണത കണ്ടുവരുന്നു. ഐ.സി.പി.എസ്. മായി ബന്ധപ്പെട്ട കാര്യങ്ങളിൽ ജീവനക്കാർക്ക് കൂടുതൽ അവബോധം ഉണ്ടാകുകയും അതിലൂടെ പദ്ധതിയുടെ implementation കാര്യക്ഷമമാക്കുകയും ചെയ്യുന്നതിനു വേണ്ടിയാണ് ഇത്തരം പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്. ആയതിനാൽ ഇത്തരം പരിപാടികളിൽ നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ അതിൽ പങ്കെടുക്കാതെ മാറിനിൽക്കുന്ന കാര്യം ഗൗരവമായി കാണുന്നു. ഇത് ജീവനക്കാരുടെ വാർഷിക പെർഫോമൻസ് അവലോകനം നടത്തുമ്പോൾ പ്രതികൂലമായ തീരുമാനങ്ങൾ എടുക്കുന്നതിന് കാരണമാകുമെന്നുള്ള വിവരം അറിയിക്കുന്നു.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

- എല്ലാ DCPO മാർക്കും
- JJ സ്ഥാപനമേധാവികൾക്കും.